"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - എക്സൈസ് വിജിലൻസ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I ആയ ശ്രീമതി. ബോബി.പി.മത്തായിക്ക് വയനാട് ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് അന്യത്രസേവനകാല വ്യവസ്ഥയിലുള്ള നിയമനം ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

**സ.ഉ.(സാധാ) നം.2272/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 16/10/2019

---

പരാമർശം:- 1 സർക്കുലർ നം.42/13/ഫിൻ തീയതി: 10/03/2013.

2 സ.ഉ.(അ)നം.580/2013/ ധന, തീയതി 28/11/2013.

3 സ.ഉ.(സാധാ)നം.2497/2018/തസ്വഭവ, തിയതി 25/09/2018.

4 ശ്രീമതി. ബോബി.പി.മത്തായിയുടെ 11.06.2019ലെ അപേക്ഷ.

5 വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 20.06.2019ലെ ഡിപി-841/2019നമ്പർ കത്ത്.

6 എക്സൈസ് കമ്മീഷണറുടെ 29.07.2019 ലെ ഇഎക്സ് സി/847/18-എക്സ് ഇ9 നമ്പർ കത്ത്.

ഉത്തരവ്

വയനാട് ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് എക്സൈസ് വിജിലൻസ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്ഗ്രേഡ് I ആയ ശ്രീമതി. ബോബി.പി.മത്തായിക്ക് അന്യത്രസേവനകാല വ്യവസ്ഥയിലുള്ള നിയമനം നല്കണമെന്നഭ്യർത്ഥിച്ച് പരാമർശം (4) പ്രകാരം ടിയാൾ സമർപ്പിച്ച അപേക്ഷ പരാമർശം (5) പ്രകാരം വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി സർക്കാരിൽ സമർപ്പിച്ചു. ടിയാൾക്ക് അന്യത്രസേവനകാലവ്യവസ്ഥയിൽ നിയമനം നല്കുന്നതിൽ വിയോജിപ്പില്ലെന്ന് പരാമർശം (6) പ്രകാരം എക്സൈസ് കമ്മീഷണറും അറിയിച്ചിട്ടുണ്ട്. ശ്രീമതി. ബോബി.പി.മത്തായിക്ക് പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം വയനാട് ജില്ലാ

പഞ്ചായത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ 25.09.2018 മുതൽ ഒരു വർഷത്തേക്ക് അന്യത്രസേവനകാലവ്യവസ്ഥയിൽ നിയമനം നൽകിയിരുന്നു. പ്രസ്തുത കാലാവധി 24.09.2019 ൽ അവസാനിച്ചതിനാൽ 25.09.2019 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്നാണ് പരാമർശം (4) പ്രകാരം വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നത്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(2) സർക്കാർ ഉത്തരവിലെ വ്യവസ്ഥകളിൽ ഇളവ് നൽകി എക്സൈസ് വിജിലൻസ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I ആയ ശ്രീമതി. ബോബി.പി.മത്തായിക്ക് വയനാട് ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ കെ.എസ്.ആർ.ഭാഗം ഒന്ന് ചട്ടം 140(സി) യിലെ വ്യവസ്ഥകൾക്ക് വിധേയമായി അന്യത്രസേവനകാല വ്യവസ്ഥയിലുള്ള നിയമനം 25.09.2019 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. അനുവദിക്കപ്പെട്ട അന്യത്ര സേവനത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപ് കാലാവധി ദീർഘിപ്പിച്ച് ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭിയ്ക്കാത്ത പക്ഷം അനുവദനീയമായ കാലയളവ് അവസാനിക്കുന്ന ദിവസം അന്യത്ര സേവനത്തിലുള്ള ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥയെ വിടുതൽ ചെയ്യേണ്ടതാണ്. അന്യത്ര സേവന കാലാവധി അവസാനിക്കുകയും മാതൃ വകുപ്പിലേക്ക് തിരിച്ചു പോകാതിരിക്കുകയും ചെയ്താൽ ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥയ്ക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രിമെന്റിനോ കണക്കാക്കുന്നതല്ല. കൂടാതെ ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യത്തോടെ തടയപ്പെടുകയും അന്യത്ര സേവന കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥയെ ശമ്പളവും മറ്റ് അലവൻസുകളും കൈപ്പറ്റുന്നതിൽ നിന്നും വിലക്കേണ്ടതുമാണ്. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് ക്രമീകരിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ ബി**
**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, വയനാട് ജില്ലാ പഞ്ചായത്ത്, വയനാട്

ജില്ലാ ട്രഷറി ഓഫീസർ, വയനാട്

എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.

ശ്രീമതി. ബോബി.പി.മത്തായി, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് -I, എക്സൈസ് വിജിലൻസ് വകുപ്പ് (എക്സൈസ് കമ്മീഷണർ മുഖേന).

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.

ഡയറക്ടർ, ഐ. കെ. എം ( സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.(ഇപിഎ1/141/2019/തസ്വഭവ നമ്പർ ഫയൽ).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ